മൂസക്കുട്ടി വെട്ടിക്കാട്ടിരി

# അറബ് ലോകത്ത് വൻ ഇസ്രയേലി ചാരവലയം

**അറബ്** ലോകത്ത് പ്രവർത്തിച്ചുവരുന്ന ഒരു പ്രമുഖ സെക്യൂരിറ്റി സ്ഥാപനത്തിൽ നുഴഞ്ഞു കയറി ഇസ്രയേലി ജനറലുകളടക്കമുള്ള ചാര സംഘം അറബ് രാഷ്ട്രങ്ങളുടെയും പ്രമുഖ അറബ് വ്യക്തിത്വങ്ങളുടെയും വിവരങ്ങൾ ചോർത്തുന്നതായി കുവൈത്തിൽ നിന്ന് പ്രസിദ്ധീകരിക്കുന്ന *അൽമുജ്തമഅ്* വാരിക വെളിപ്പെടുത്തി. പത്തോളം അറബ് രാജ്യങ്ങളിൽ സുരക്ഷാ രംഗത്തെ പ്രമുഖ കേന്ദ്രങ്ങളിൽ കമ്പനി ജീവനക്കാരെന്ന വ്യാജേന ഇവർ രഹസ്യങ്ങൾ ചോർത്തുന്നതായും വാരിക പ്രസിദ്ധീകരിച്ച റിപ്പോർട്ടിൽ പറയുന്നു. ഇത്തരത്തിൽ അനേകം സ്ഥാപനങ്ങൾ അറബ് ലോകത്ത് പ്രവർത്തിക്കുന്നുണ്ടത്രെ.



ഇസ്രയേലി ചാരവലയുടെ കണ്ണികൾ ലോകത്ത് പൊതുവേയും അറബ് ഇസ്‌ലാമിക രാജ്യങ്ങളിൽ പ്രത്യേകിച്ചും പ്രവർത്തിച്ചുവരുന്നതായി ഇതിനു മുമ്പും വാർത്താ ഏജൻസികൾ റിപ്പോർട്ട് ചെയ്തിരുന്നു.

# അൽഖുദ്സ് മാർച്ച്

**ഖുദ്സ്** അധിനിവേശത്തിന്റെ 46-ാം വാർഷികത്തിൽ ജൂൺ 7-ന് ലോക മുസ്‌ലിംകൾ ഖുദ്സ് അധിനിവേശ വിരുദ്ധ മാർച്ച് നടത്തി. ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽനിന്നായി പതിനായിരക്കണക്കിന് ആക്ടിവിസ്റ്റുകൾ മാർച്ചിൽ പങ്കുചേർന്നു. 'The Global March to al-Quds'-ന്റെ ഭാഗമായി ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ സമാധാനപരമായ ഇസ്രയേലിവിരുദ്ധ പ്രകടനങ്ങളും സംഘടിപ്പിക്കപ്പെട്ടു. അധിനിവേശ ഫലസ്തീൻ പ്രദേശങ്ങളിൽ ആയിരങ്ങൾ അണിനിരന്ന പ്രകടനങ്ങൾ നടന്നു. എട്ടോളം യൂറോപ്യൻ രാജ്യങ്ങളിൽനിന്നും ഏതാനും അറബ് നാടുകളിൽനിന്നുമായി 33 പ്രമുഖ ആക്ടിവിസ്റ്റുകൾ പ്രതിഷേധ പ്രകടനങ്ങളിൽ പങ്കെടുത്തു.

ഈജിപ്തിലെ ഇഖ്‌വാനുൽ മുസ്‌ലിമൂൻ പടുകൂറ്റൻ റാലി നടത്തിയാണ് ഫലസ്തീൻ പോരാളികളോട് ഐക്യദാർഢ്യം പ്രകടിപ്പിച്ചത്. തുനീഷ്യ, ലബനാൻ, മലേഷ്യ, ജർമനി, അമേരിക്ക, കനഡ തുടങ്ങിയ രാജ്യങ്ങളിലും അധിനിവേശ വിരുദ്ധ പ്രകടനങ്ങൾ നടന്നു.




# റഷ്യയിൽ നമസ്കാരത്തിനിടെ 300 ലധികം പേർ അറസ്റ്റിൽ

**റഷ്യ** വീണ്ടും ഇസ്‌ലാംവിരുദ്ധത ശക്തമാക്കുന്നതായി വാർത്ത. കഴിഞ്ഞ ദിവസം മോസ്ക്കോയിലെ ഒരു നമസ്ക്കാര ഹാൾ വളഞ്ഞ് 300-ലധികം മുസ്‌ലിംകളെയാണ് റഷ്യൻ സെക്യൂരിറ്റി വിഭാഗം അറസ്റ്റ് ചെയ്തത്. കാരണമൊന്നും വ്യക്തമാക്കാതെയായിരുന്നു പെട്ടെന്നുള്ള നടപടി. പതിവുപോലെ നമസ്കാര ഹാളിലുണ്ടായിരുന്ന ഇസ്‌ലാമിക ഗ്രന്ഥങ്ങളും പിടിച്ചെടുത്തിട്ടുണ്ട്. പ്രസിഡന്റ് വ്‌ളാഡിമീർ പുട്ടിന്റെ നിർദേശ പ്രകാരമാണ് സംഭവമെന്നും റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നു.



റഷ്യയിൽ അടുത്ത കാലത്തായി മുസ്‌ലിംകൾക്കെതിരെയുള്ള പോലീസ് അതിക്രമങ്ങൾ വർധിച്ചുവരുന്നുണ്ട്. പള്ളികളിലും മറ്റു നമസ്കാര കേന്ദ്രങ്ങളിലും മുസ്‌ലിംകളെ വേട്ടയാടുന്ന നിലപാടാണ് റഷ്യൻ അധികൃതർ സ്വീകരിച്ചുവരുന്നത്. സിറിയൻ സംഘർഷത്തിൽ മുസ്‌ലിം സമൂഹം ബശ്ശാർവിരുദ്ധ നിലപാട് സ്വീകരിക്കുന്നത് പ്രസിഡന്റ് പുട്ടിനെ ചൊടിപ്പിച്ചതായും നിരീക്ഷകർ കരുതുന്നു. റഷ്യയിലെ ഏറ്റവും വലിയ രണ്ടാമത്തെ മതമാണ് ഇസ്‌ലാം. മൊത്തം ജനസംഖ്യയുടെ 15 ശതമാനമാണ് മുസ്‌ലിംകൾ.



## കഅ്ബ കഴുകൽ ചടങ്ങ്

**വിശുദ്ധ** കഅ്ബ കഴുകൽ ചടങ്ങ് ശഅബാൻ 1-ന് (ജൂൺ10, തിങ്കളാഴ്ച) രാവിലെ നടന്നു. സുഊദി ഭരണാധികാരി അബ്ദുല്ല രാജാവിനെ പ്രതിനിധീകരിച്ച് മക്ക ഗവർണർ അമീർ ഖാലിദ് അൽഫൈസലാണ് ചടങ്ങിന് നേതൃത്വം നൽകിയത്. മേത്തരം പനിനീർ സുഗന്ധ ദ്രവ്യവും സംസം വെള്ളവും കൂട്ടിക്കലർത്തിയാണ് കഅ്ബയുടെ അകവും ചുമരുകളും കഴുകുന്നത്. കഅ്ബ കഴുകലിന് ശേഷം ത്വവാഫ് കർമം നിർവഹിച്ചശേഷമാണ് ചടങ്ങിൽ പങ്കെടുത്തവർ മടങ്ങുക.

ഇരു ഹറം കാര്യാലയ മേധാവി ഡോ. അബ്ദുറഹ്മാൻ അൽസുദൈസ്, ഹറം കാര്യാലയ ഉപമേധാവി ഡോ. മുഹമ്മദ് ബിൻ നാസിർ അൽഖുസൈം, കഅ്ബയുടെ താക്കോൽ സൂക്ഷിപ്പുകാരൻ, പണ്ഡിത പ്രമുഖർ, വിവിധ ഇസ്‌ലാമിക രാഷ്ട്രങ്ങളുടെ നയതന്ത്ര പ്രതിനിധികൾ തുടങ്ങിയവർ ചടങ്ങിൽ സംബന്ധിച്ചു. വർഷത്തിൽ രണ്ടു തവണ ശഅ്ബാൻ, മുഹർറം എന്നീ ഹിജ്റ മാസങ്ങളിലാണ് കഅ്ബ കഴുകൽ ചടങ്ങ് നടക്കാറുള്ളത്.

## മാലിയിൽനിന്ന് ഫ്രഞ്ച് സേന പിൻവാങ്ങുന്നു

**മാലിയിൽനിന്ന്** ഫ്രഞ്ച് അധിനിവേശസേന പിൻവാങ്ങിത്തുടങ്ങിയതായി റിപ്പോർട്ടുകൾ. ഉത്തര മാലിയിൽ 'സായുധ മുസ്‌ലിം' വിഭാഗത്തെ നേരിടാനെന്ന വ്യാജേനയാണ് നാലു മാസം മുമ്പ് അധിനിവേശത്തിന് തുടക്കമിട്ടത്. വൻതോതിൽ സൈനിക വ്യൂഹങ്ങൾ മാലിയിൽനിന്ന് അയൽരാജ്യമായ സാഹിൽ അൽആജ് ലക്ഷ്യമാക്കി നീങ്ങുന്നതായി പ്രാദേശിക വാർത്താ ഏജൻസികൾ റിപ്പോർട്ട് ചെയ്തു. ഏറ്റുമുട്ടലുകളിൽ ഫ്രഞ്ച് സൈന്യത്തിന് കനത്ത നഷ്ടം സംഭവിച്ചതായും റിപ്പോർട്ടുകളുണ്ടായിരുന്നു. നാലായിരം സൈനികരാണ് മാലിയിലുള്ളതെന്ന് ഫ്രാൻസ് പറയുമ്പോഴും ഉത്തര മാലിയിലെ വിവിധ സൈനിക താവളങ്ങളിലായി അനേകായിരം ഫ്രഞ്ച് സൈനികർ നിലയുറപ്പിച്ചതായാണ് വിവരം. പടിപടിയായി വർഷാവസാനത്തോടെ സൈന്യം പിൻവാങ്ങുമെന്ന് ഫ്രാൻസ് വ്യക്തമാക്കി.



## ഉമറുൽ ബശീർ മൂന്നു മാസത്തിനകം അധികാരം വിട്ടൊഴിയണമെന്ന്

**സുഡാൻ** ഭരണകൂടവും പ്രതിപക്ഷവും തമ്മിലുള്ള സംഘർഷം തുടരവെ പ്രസിഡന്റ് ഉമറുൽ ബശീറിനെ 100 ദിവസത്തിനകം അധികാരത്തിൽനിന്ന് താഴെയിറക്കുമെന്ന് പ്രതിപക്ഷ കക്ഷികൾ പ്രതിജ്ഞയെടുത്തു. പ്രസിഡന്റിനെ താഴെയിറക്കുന്നതിന്റെ ഭാഗമായി വിവിധ പ്രക്ഷോഭ പരിപാടികൾ ആസൂത്രണം ചെയ്തതായി 20 ഓളം പാർട്ടികളടങ്ങുന്ന പ്രതിപക്ഷ സഖ്യത്തിന്റെ നേതാവായ ഫാറൂഖ് അബൂഈസ മാധ്യമങ്ങളോട് പറഞ്ഞു. പ്രഥമ ഘട്ടമായി ഒരു മാസം നീണ്ടുനിൽക്കുന്ന പ്രകടനങ്ങളും പൊതുയോഗങ്ങളും നടക്കുമെന്നും ഫാറൂഖ് പറഞ്ഞു.



*ഉമറുൽ ബശീർ*

ചില ആഫ്രിക്കൻ അറബ് നാടുകളിൽ 'അറബ് വസന്ത'ത്തിന്റെ മറപിടിച്ച് കഴിഞ്ഞ ഒരു വർഷമായി സുഡാൻ പ്രസിഡണ്ടിനെതിരെ പ്രക്ഷോഭങ്ങളുമായി പ്രതിപക്ഷം രംഗത്തുണ്ടെങ്കിലും ഇതുവരെ വിജയം കാണാനായിട്ടില്ല. ഇതര ആഫ്രിക്കൻ നാടുകളിലെ നേതാക്കളെപ്പോലെ ബഷീറിന്റെ ജനപിന്തുണ പൂർണമായും നഷ്ടപ്പെടാത്തതും മുൻ സൈനിക ജനറലിന് ലഭിച്ചുകൊണ്ടിരിക്കുന്ന സൈനിക പിന്തുണയുമെല്ലാം ഉമറുൽ ബശീറിനെ അധികാരത്തിൽ തുടരാൻ സഹായിക്കുന്നു.



## 16.5 കോടി കുട്ടികൾക്ക് പോഷകാഹാരക്കുറവ്

ദാരിദ്ര്യവും രോഗവും കാരണം കെടുതി അനുഭവിക്കുന്നവരുടെ കണക്കുകൾ ലോക ബാങ്കും മറ്റും ഓരോ വർഷവും പുറത്ത് വിടാറുണ്ട്. കണക്കുകൾ നിരത്തുകയല്ലാതെ പരിഹാരത്തിന് ക്രിയാത്മകമായ ഇടപെടലുകൾ ഉണ്ടാകുന്നില്ല. കണക്കുകൾ നൽകുന്നതോടെ കാര്യം തീർന്നുവെന്ന മട്ടിലാണ് ഉത്തരവാദപ്പെട്ട സ്ഥാപനങ്ങൾ പെരുമാറുന്നത്. ഇതോർക്കാൻ കാരണം ലോക ബാങ്ക് പുറത്തുവിട്ട പുതിയ കണക്കുകളാണ്. ലോകത്ത് പട്ടിണി രാജ്യങ്ങൾ കൂടുതൽ ദാരിദ്ര്യത്തിന്റെ പടുകുഴിയിലേക്കും സമ്പന്ന രാജ്യങ്ങൾ സമ്പന്നതയുടെ ഉച്ചിയിലേക്കും നീങ്ങുന്നുവെന്ന് ലോക ബാങ്ക് കണക്കുകൾ സഹിതം ആവർത്തിക്കുന്നു. ദരിദ്ര രാജ്യങ്ങൾ അടുത്ത വർഷം അമ്മമാരുടെയും കുട്ടികളുടെയും പട്ടിണിയകറ്റാൻ ഭക്ഷണം വാങ്ങുന്നതിന് കൂടുതൽ വക കണ്ടെത്തേണ്ടിവരുമെന്നും കണക്ക് പറയുന്നു.

ദരിദ്ര രാജ്യങ്ങളിലെ കുട്ടികളുടെ കാര്യമാണ് ഏറെ കഷ്ടം. യു.എൻ ചിൽഡ്രൻസ് ഫണ്ട് (UNICEF) എക്സിക്യൂട്ടീവ് ഡയറക്ടർ ആന്റണി ലേക്ക് പുറത്തുവിട്ട വിവരമനുസരിച്ച് 16.5 കോടിയോളംവരുന്ന കുട്ടികൾ പട്ടിണിയുടെയും രോഗത്തിന്റെയും പിടിയിലാണ്. ഇതോടൊപ്പമുള്ള ചിത്രത്തിൽ കാണുന്നത് കെനിയയിൽ അഭയാർഥിയായി കഴിയുന്ന ഒരു സോമാലിയൻ ഉമ്മ പോഷകാഹാരക്കുറവുമൂലം രോഗിയായ തന്റെ കുഞ്ഞുമായി ആശുപത്രിയിൽ കഴിയുന്നതാണ്. ചിത്രത്തിന് പുറത്തുള്ള കോടികളെ ആരും കാണുന്നുമില്ല. മാതൃശിശു സംരക്ഷണത്തിന്റെ കാര്യത്തിൽ മാതൃകകളാവേണ്ട ഇസ്‌ലാമിക സമൂഹങ്ങളും ഈ ആഫ്രിക്കൻ 'ഭീകരത'യെ അധികമൊന്നും ശ്രദ്ധിക്കാറില്ല.

## മുൻ ഏകാധിപതി അലി സ്വാലിഹിനെ വിചാരണ ചെയ്യുന്നു

**'യമൻ വസന്ത'** കാലത്ത് പ്രകടനക്കാർക്കുനേരെ നിറയൊഴിച്ച് സിവിലിയൻമാരെ കൊലപ്പെടുത്തിയ കുറ്റത്തിന് മുൻ ഏകാധിപതി അലി സ്വാലിഹിനെയും സഹായികളെയും വിചാരണ നടത്താൻ യമൻ കോടതി അനുമതി നൽകി. അലി സ്വാലിഹിനുപുറമെ സഹായികളായിരുന്ന 10 പേർക്കെതിരെയാണ് കൊലപാതക കുറ്റം ആരോപിച്ചിട്ടുള്ളത്. 2011 മാർച്ച് 18 ന് സൻആയിൽ പ്രകടനക്കാർക്ക് നേരെ നടന്ന വെടിവെപ്പിൽ 52 പേർ കൊല്ലപ്പെട്ട സംഭവത്തിലാണ് അലി സ്വാലിഹും സഹായികളും വിചാരണ നേരിടേണ്ടത്.

'ജുമുഅ അൽകറാമ' എന്ന പേരിലറിയപ്പെന്ന പ്രസ്തുത സംഭവം വൻ കോളിളക്കം സൃഷ്ടിച്ചിരുന്നു.

എന്നാൽ അധികാരം വിട്ടൊഴിയാൻ ജി.സി.സി രാഷ്ട്രങ്ങളുടെ മധ്യസ്ഥതയിൽ അലി സ്വാലിഹുമായുണ്ടാക്കിയ ഒത്തുതീർപ്പ് കരാറിന്റെ അടിസ്ഥാനത്തിൽ, ഭരണകാലത്തെ ഒരു കുറ്റത്തിനും അലി സ്വാലിഹിനെയും സഹായികളെയും വിചാരണ ചെയ്യാൻ കഴിയില്ലെന്ന് യമനിലെ അമേരിക്കൻ സ്ഥാനപതി വ്യക്തമാക്കി.

33 വർഷത്തെ ഏകാധിപത്യ ഭരണ കാലത്ത് വല്ല 'തീവ്രവാദ' പ്രവർത്തനങ്ങളും നടത്തിയിട്ടുണ്ടെങ്കിലല്ലാതെ മറ്റു യാതൊരു കുറ്റത്തിനും അലി സ്വാലിഹിനെ വിചാരണ ചെയ്യാൻ പ്രസ്തുത നിയമം അനുവദിക്കുന്നില്ല എന്നാണ് അദ്ദേഹത്തിന്റെ വാദം. സ്വന്തം നാട്ടുകാരെ വെടിവെച്ചുകൊല്ലുന്നത് തീവ്രവാദത്തിന്റെ പരിധിയിൽ വരികയുമില്ല!



*അലി സ്വാലിഹ്*